<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587</u> <u>19-09-2025 - ൽ മറുപടിയ്ക്ക്</u>

<u>കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയ വിതരണം</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി.വി. ശ്രീനിജിൻ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ 87 പേർക്ക് പട്ടയവും ഒരു കൈവശരേഖയും (വടവുകോട്) അനുവദിച്ചിട്ടുണ്ട്. വില്ലേജ്,പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>വില്ലേജ്</th><th>ഗ്രാമപഞ്ചായത്ത്</th><th>എണ്ണ</th></tr>
<tr><td>1</td><td>പുത്തൻകുരിശ്</td><td>പുത്തൻകുരിശ്</td><td>19</td></tr>
<tr><td>2</td><td>ഐക്കരനാട് നോർത്ത്</td><td>ഐക്കരനാട്</td><td>8</td></tr>
<tr><td>3</td><td>മാറമ്പിള്ളി</td><td>വാഴക്കുളം</td><td>1</td></tr>
<tr><td>4</td><td>മഴുവന്നൂർ</td><td>മഴുവന്നൂർ</td><td>14</td></tr>
<tr><td>5</td><td>ഐരാപുരം</td><td>മഴുവന്നൂർ</td><td>5</td></tr>
<tr><td>6</td><td>വടവുകോട്</td><td>പുത്തൻകുരിശ്</td><td>1</td></tr>
<tr><td>7</td><td>തിരുവാണിയൂർ</td><td>തിരുവാണിയൂർ</td><td>5</td></tr>
<tr><td>8</td><td>പട്ടിമറ്റം</td><td>കുന്നത്തുനാട്/കിഴക്കമ്പലം/ ഐക്കരനാട് നോർത്ത്</td><td>5</td></tr>
<tr><td>9</td><td>കുന്നത്തുനാട്</td><td>കുന്നത്തുനാട്</td><td>20</td></tr>
<tr><td>10</td><td>വാഴക്കുളം</td><td>വാഴക്കുളം</td><td>7</td></tr>
<tr><td>11</td><td>കിഴക്കമ്പലം</td><td>കിഴക്കമ്പലം</td><td>2</td></tr>
<tr><td colspan="3">ആകെ</td><td>87</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇവർക്ക് ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിന്, കാർഷിക ആവശ്യത്തിന്, പട്ടയ ഭൂമിയുടെ ഗുണപരമായ വിനിയോഗത്തിന് എന്നീ ആവശ്യങ്ങൾക്കാണ് പട്ടയം അനുവദിച്ചിട്ടുള്ളത്.</td></tr>
<tr><td>(സി)</td><td>കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയത്തിന് വേണ്ടി ഇനി എത്ര അപേക്ഷകളാണ്</td><td>(സി)</td><td>കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിൽ 253 അപേക്ഷകളാണ് പട്ടയത്തിന് വേണ്ടി പരിഗണനയിലുള്ളത്. ടി അപേക്ഷകളിൽ റവന്യൂ പുറമ്പോക്ക് ഇനങ്ങളിൽ ജില്ലാ കളക്ടറേറ്റിൽ നിന്നും നിയമാനുസൃത</td></tr>
</table>

| | | | |
|---|---|---|---|
| | പരിഗണനയിലുള്ളതെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ; | | നടപടികൾ സ്വീകരിച്ചു വരുന്നു. പി.വി.ഐ.പി (91), പുറമ്പോക്ക് (4), കുളം പുറമ്പോക്ക് (2), റോഡ്/വഴി പുറമ്പോക്ക് (53), കാവ് പുറമ്പോക്ക് (5), കോളനി പട്ടയം (21) പാറപുറമ്പോക്ക് എന്നീ ഇനങ്ങളിൽപ്പെട്ടവ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പട്ടയ അപേക്ഷകളിൽ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ